**പതിന്നാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 149 12/07/2016 ന് മറുപടിക്ക്

## പരസ്യ ഹോർഡിംഗുകൾക്കുള്ള സമഗ്ര വ്യവസ്ഥ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | സംസ്ഥാനത്തുടനീളം സ്ഥാപിച്ചിട്ടുള്ള പരസ്യ ഹോർഡിംഗുകളുടെ സുരക്ഷിതത്വവും മറ്റും ശ്രദ്ധിക്കുന്നതിന് നിലവിൽ എന്തെല്ലാം മാർഗ്ഗങ്ങളാണുള്ളതെന്ന് വിശദമാക്കാമോ; | എ) കേരള പഞ്ചായത്ത് രാജ് ആക്ട് 209 സി വകുപ്പപ്രകാരം അനധികൃതമായ പരസ്യങ്ങൾ നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം നൽകുന്നുണ്ട്.<br>1999 ലെ കേരള മുനിസിപ്പാലിറ്റീസ് (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യ ബോർഡുകളും സ്ഥാപിക്കൽ )ചട്ടങ്ങളിലെ 3,4,5,6,7 പ്രകാരമുള്ള നടപടി ക്രമങ്ങൾ പരസ്യഹോർഡിങ്ങുകൾ സ്ഥാപിക്കുന്നതിനേക്കുറിച്ച നിർദേശം നൽകുന്നു . 6/1/2014 ലെ സ.ഉ (കൈ ) നം.194/14/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പൊതു നിരത്തുകളിലെ വൈദ്യുതി കാലുകളിലും പൊതു സ്ഥലങ്ങൾ കൈയ്യേറിയും സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിനും പകരം സംവിധാനം ഏർപ്പെടുത്തുന്നതിനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) | വലിയ പരസ്യ ബോർഡുകൾ സ്ഥാപിക്കുമ്പോൾ സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ, ഇതിനു അനുമതി നൽകുവാനുള്ള അധികാരം എന്നിവ വ്യവസ്ഥ ചെയ്ത് നിയമം കൊണ്ടുവരുമോയെന്ന് വ്യക്തമാക്കാമോ; | ബി) ഇപ്പോൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലില്ല. |

| | | |
|---|---|---|
| സി) | പരസ്യ ഹോർഡിംഗുകൾ റോഡിനോട് ചേർന്ന് രാത്രിയിൽ പ്രകാശത്തോടെ വെയ്ക്കുന്നത് കാരണം ഡ്രൈവർമാരുടെ ശ്രദ്ധ മാറുകയും അതുവഴി അപകടമുണ്ടാകുന്നതു മായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | സി) ഇപ്രകാരമൊരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല . |
| ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പരസ്യ ഹോർഡിംഗുകളിൽ നിന്ന് നികുതി പിരിക്കുവാൻ ഒരു ഏകീകൃത സ്വഭാവമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) ഉണ്ട്. |
| ഇ) | എങ്കിൽ ഇതിനെല്ലാം ഉതകുന്ന ഒരു സമഗ്ര വ്യവസ്ഥ കൊണ്ടുവരുമോയെന്ന് വ്യക്തമാക്കാമോ? | ഇ) കേരള പഞ്ചായത്ത് രാജ് ആക്ട് 209-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ ഈടാക്കേണ്ടുന്ന പരസ്യ നികുതിനിരക്കുകൾ ഈ ആവശ്യാർത്ഥം സർക്കാർ നിർദ്ദേശിക്കുന്ന നിരക്കിൽ കുറയാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ട് സർക്കാർ 25.07.2002 ലെ സ.ഉ.(പി) നം.128/2002/ത.സ്വ.ഭ.വ. നമ്പരായി പുറപ്പെടുവിച്ച ഉത്തരവിൽ പരസ്യ പലകകളുടെ (ഹോർഡിംഗുകൾ) മേലുള്ള പരസ്യവും നോൺ ഇല്ല്യൂമിനേറ്റഡ് സൈൻസെനുകളുടെ രൂപത്തിലുള്ള വാൾ പോസ്റ്ററുകൾക്കും ചുമത്താവുന്ന പരസ്യ നികുതിയുടെ കുറഞ്ഞ നിരക്ക് 1 .00 ച.മീറ്റർ വരെയുള്ള സ്ഥലത്തിന് 10/- രൂപയും1.00 ച.മീറ്ററി-ലധികവും 2.50 ച.മീറ്റർ വരെയും ഉള്ള സ്ഥലത്തിന് 20/- രൂപയും അതിൽ കൂടുതലുള്ള ഓരോ ചതുരശ്ര മീറ്ററിനും 10/- രൂപയുമാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ഈ ആവശ്യത്തിലേക്കായി ഗ്രാമപഞ്ചായത്തുകൾ പാസ്സാക്കുന്ന ബൈലയിൽ പരസ്യനികുതി നിരക്കുകൾ സർക്കാർ നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ നിരക്കിൽ കുറയാതെ അതാത് ഗ്രാമപഞ്ചായത്തുകൾക്ക് നികുതി നിശ്ചയിച്ച് പിരിച്ചെടുക്കുന്നതിന് അധികാരമുണ്ട്. ഏകീകൃതപരസ്യനികുതി നിരക്കുകൾ(ഉപരിപരിധി) നിശ്ചയിക്കുന്നതിന് പഞ്ചായത്ത് രാജ് ആക്ടിൽ നിലവിൽ വ്യവസ്ഥ ചെയ്തിട്ടില്ല. |

| | |
|---|---|
| | 1999-ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് സെക്ഷൻ 271 പ്രകാരം മുനിസിപ്പൽ പ്രദേശത്ത് പരസ്യം പ്രദർശിപ്പിക്കുന്ന ഏതൊരാളും സർക്കാരിന്റെ അംഗീകാരത്തോടെ അതത് നഗരസഭാ കൗൺസിൽ പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിൽ നികുതി നൽകേണ്ടതാണ്.ഈ പരസ്യ നികുതി നിരക്കുകൾ ഈ ആവശ്യാർത്ഥം സർക്കാർ നിർദ്ദേശിക്കുന്ന നിരക്കിൽ കുറയാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.